# CHAPTER 4

## PREDICTIONS OF APOSTASY

### സഭയിൽ ദുരൂപദേശം കടന്നുവരും എന്നുള്ള പ്രവചനം

4:1 സഭയ്ക്കും കർത്താവിലൂടെ നൽകപ്പെട്ട വചന സത്യങ്ങൾക്കും വിരുദ്ധമായി പിശാച് പോരാട്ടം തുടങ്ങും എന്നുള്ളത് വചനത്തിൽ വ്യക്തമായി മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

1Pet 4:1-18 (ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയം ആയല്ലോ)

Jude 17-18 (അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും.)

2Pet 3:1-18 (അറിവില്ലാത്തവരും അസ്ഥിരവുമായവർ തിരുവെഴുത്തുകളെ തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.)

Acts 20:29 (ആട്ടിൻ കൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കും.)

2Thess 2:1-12 ആദ്യമേ വിശ്വാസ ത്യാഗം സംഭവിക്കയും നാശയോഗ്യനും അധർമ്മമൂർത്തിയുമായവൻ വെളിപ്പെടുകയും വേണം.)

(അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചു പോകുന്നവർക്ക് സാത്താന്റെ വ്യാപാര ശക്തിയ്ക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും, അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും.)

Mark13:22 (കള്ള ക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും.)

ഈ പോരാട്ടങ്ങൾക്ക് ആക്കം കൂടുന്നത് എപ്പോഴാണ്? കർത്താവിന്റെ വരവു സമീപിക്കുന്തോറും സഭയ്ക്കുള്ളിൽ കടന്നുകൂടുന്ന ദുരൂപദേശങ്ങളും ജഢീകനിയമങ്ങളും ഒന്നും തന്നെ നിർദ്ദോഷകരമായ, നിസ്സാരമായ, അറിവില്ലായ്മയിൽ നിന്നും വരുന്ന തെറ്റുകളാണെന്ന് കരുതരുത്. ഇതെല്ലാം തന്നെ സാത്താന്റെ തന്ത്രപൂർവ്വമായ ഇടപെടലുകളും നിരന്തരമായ കടന്നുകയറ്റവും മൂലമുണ്ടാകുന്നതത്രെ.

എന്നാൽ പാവപ്പെട്ട വിശ്വാസികൾക്ക് ഈ പിന്നിൽ പ്രവർത്തിക്കുന്ന പൈശാചിക ശക്തിയെ തിരിച്ചറിയാൻ കഴിയാതെ പോകുന്നു.

4:2 സാത്താൻ നേരിട്ട് ഇടപെടുകയല്ല ചെയ്യുന്നത്. കപടഭക്തിക്കാരിലൂടെ ഭക്തിയുടെ വേഷം ധരിച്ച് "അസത്യം" പ്രചരിപ്പിക്കുന്നു. തികഞ്ഞ കളവാണുതാനും. ഇത്തരക്കാരെ വി. പൗലൂസ് എഫെസ്യലേഖനത്തിൽ വെളിവാക്കുന്നുണ്ട്.

Eph 4:19 ദൈവത്തിന്റെ ജീവനിൽ നിന്നു അകന്ന് മനം തഴമ്പിച്ചുപോയവർ – ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു.

2Cor 11:13-15 കള്ളയപ്പോസ്തലന്മാർ. കപട വേലക്കാർ. ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരുടെ വേഷം ധരിക്കുന്നവർ. അത് ആശ്ചര്യമല്ല. സാത്താനും വെളിച്ച ദൂതന്റെ വേഷം ധരിക്കുന്നുവല്ലോ. ആകയാൽ അവന്റെ ശുശ്രൂഷക്കാർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിശയമില്ല. അവരുടെ അവസാനം അവരുടെ പ്രവർത്തികൾക്കു ഒത്തതായിരിക്കും.

ഈ പോരാട്ടം സഭയ്ക്കെതിരായി തുടങ്ങിയിട്ട് 2000 വർഷം കഴിഞ്ഞു. ഈ പോര് ഇനിയും വർദ്ധിക്കുകയേയുള്ളൂ. 2 Tim 3:1 (അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും) വ്യാജാത്മാക്കൾ, ഭൂതങ്ങളുടെ ഉപദേശം ഈ വക സഭയ്ക്കെതിരായി എന്നും പോരാടിക്കൊണ്ടിരിക്കുന്നു. സഭയ്ക്കുള്ളിൽ തന്നെ ചിലരെ, നല്ല സ്ഥാനം വഹിച്ചവരെത്തന്നെ, സ്വാധീനിച്ച് ശത്രു അവരിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. "ഭോഷ്കു പറയുന്നവരുടെ കപടത്താൽ" – ഇതാണ് സാത്താന്യ തന്ത്രം.

4:3 രണ്ടാം നൂറ്റാണ്ടിൽ പ്രബലന്മാരായിത്തീർന്ന എപ്പികുരിയർ, Gnostics, ഈ വകക്കാരുടെ മുൻഗാമികൾ ഒന്നാം നൂറ്റാണ്ടിൽ തന്നെ സജീവമായി രംഗത്തുണ്ടായിരുന്നു.

www.gospel.sajacobsreviews.com

fleettech@gmail.com

Gnostics പഠിപ്പിക്കൽ എന്തായിരുന്നു? ശരീരം നിന്ദ്യമായത്. ആത്മാവ് നല്ലത്. ശരീരവുമായും "Matter" (ഭൗതിക വസ്തു) ക്കളുമായും ബന്ധമുള്ളത് എല്ലാം നിന്ദ്യം. ആ വക വർജ്ജിക്കണം. ഭക്ഷണം പലതും വർജ്ജിക്കണം. ശാരീരിക ബന്ധങ്ങളെല്ലാം നിന്ദ്യം. ആ വക വർജ്ജിക്കണം. ഈ ഉപദേശങ്ങൾ സഭയ്ക്കുള്ളിൽ കടക്കാൻ തുടങ്ങി.

വിവാഹം വിലക്കുന്നു. ചില ഭക്ഷണപദാർത്ഥങ്ങൾ വിലക്കുന്നു. ഇതാ ജഢീകനിയമങ്ങൾ ആത്മീയ നിയമങ്ങൾക്കു മുകളിൽ ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുന്നു.

വി. പൗലോസ് ഇതിനെതിരായി കൊലോസ്യരെ പ്രബോധിപ്പിക്കുന്നു.

Col 2:21 "മാനുഷ കല്പനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്കു കീഴ്പ്പെടുന്നത് എന്ത്?

വി.പൗലോസ് ശക്തിയായി ഉപദേശിച്ചു. Matter is not EVIL. ദൈവം നിർമ്മിച്ച സകലതും നല്ലത്. ദൈവം സകലതും നല്ലതായി കണ്ടു. ദൈവം നിർമ്മിച്ച സകലതിനെയും സ്തോത്രത്തോടെ അനുഭവിക്കാനായിത്തന്നെ നമുക്കു നൽകിയിരിക്കുന്നു.

വിവാഹം വിലക്കേണ്ട. അതും ദൈവം തന്നെയാണ് സംവിധാനം ചെയ്തിരിക്കുന്നത്. കുടുംബം എന്നുള്ളത് ദൈവം തന്നെ മനുഷ്യനുവേണ്ടി "Design" ചെയ്തതാണ്.

4:4 Gen 1:31 താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി. അതു എത്രയും നല്ലത് എന്നു കണ്ടു. ദൈവം നിർമ്മിച്ചുതന്ന സകലതിനെയും ദൈവം നല്ലതായി കണ്ടു എങ്കിൽ നമുക്കും അങ്ങനെ തന്നെ അവയെ കാണാം. എന്നാൽ ഒന്നിനെയും ദുരുപയോഗം ചെയ്യാതിരുന്നാൽ മതി.

ഭക്ഷണം നല്ലത്. എന്നാൽ "അതിഭക്ഷണം" ദോഷം വരുത്തും.

വിവാഹം നല്ലത്. എന്നാൽ ദുർന്നടപ്പ് ദോഷം.

ദൈവം നിർമ്മിച്ചവയെ സ്തോത്രത്തോടെ, ഭക്തിയോടെ, വിനയത്തോടെ നമുക്ക് അനുഭവിക്കാം. ദൈവം നിർമ്മിച്ചവയിലെ നന്മയെ കണ്ടും അനുഭവിച്ചും സന്തോഷിക്കാം.

4:5 ദൈവത്തിന്റെ നിഴലിൽ നാം ഏതു വസ്തുവിനെയും കാണുന്നത് "അതു ദൈവം നിർമ്മിച്ചത്" എന്ന നിലയിലത്രെ. അതിനെ നാം എപ്രകാരം അനുഭവിക്കുന്നു? സ്തോത്രത്തോടെ. പ്രാർത്ഥിച്ച് ദൈവത്തിനു നന്ദി കരേറ്റിക്കൊണ്ട് നാം അനുഭവിക്കുന്നു.

What happens then? It becomes consecrated . അതു വിശുദ്ധീകരിക്കപ്പെടുന്നു. ദൈവവചനത്തിനു ശുദ്ധീകരണ ശക്തിയുണ്ട്.

പ്രാർത്ഥനയ്ക്കും, സ്തോത്രത്തിനും നന്ദിപ്രകടനത്തിനും ആരാധനയ്ക്കും ശുദ്ധീകരണ ശക്തിയുണ്ട്. സകലതും പ്രാർത്ഥനയോടെ അനുഭവിക്കൂ. ദൈവം അവയെ ശുദ്ധീകരിച്ചു നൽകും.

4:6-16 **നല്ല ശുശ്രൂഷകന്റെ ഉത്തരവാദിത്വം**

4:7 ഇത്രനേരം കേട്ടുകൊണ്ടിരുന്ന മുന്നറിയിപ്പുകളെ സഹോദരന്മാരെ ഗ്രഹിപ്പിക്കാനുള്ള പ്രബോധനം വി. പൗലോസ് തിമോത്തിയോസിനു കൊടുക്കുന്നു. ഇതേ ദൂതു II Timothy യിലും കാണാം. (2 Tim 2:2 എന്റെ മകനെ ക്രിസ്തുവേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ എന്നോട് കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്ക)

അതുപോലെ തന്നെ, തിമൊഥിക്കു ലഭിച്ചതും താൻ നിൽക്കുന്നതുമായ വിശ്വാസത്തിൽ ഉറച്ചുനിൽക്കയും അതിൽ മുമ്പോട്ട് യാത്ര ചെയ്യുകയും വേണം.

(a) A believer must be a channel of Truth entrusted to the church

(b) A believer must be nourished in the word of truth

4:7 വിശ്വാസത്തെ വികലമാക്കുന്ന കെട്ടുകഥകളും അഭ്യൂഹങ്ങളും ധാരാളം ഈ കാലത്തും പ്രചരിപ്പിക്കുന്നുണ്ട്. ആ വകയ്ക്ക് ചിന്തകളെ നയിക്കാതെ സത്യത്തിന്റെയും യഥാർത്ഥ ദൈവവിശ്വാസത്തിന്റെയും പാതയിൽ അഭ്യസനം നടത്തുക. ഒരു വലിയ പോരാട്ടം

www.gospelsajacobsreviews.com

fleettech@gmail.com

തന്നെ ഇതിനാവശ്യം. A spiritual war fare needed to stay firm in faith.

4:8 ആത്മീകകാര്യത്തിലുള്ള അഭ്യസനം: ഒരു gymnast ശരീരത്തിനായി അഭ്യസിക്കും പോലെ തന്നെ ആത്മീക അഭ്യസനം ദൈവീകകാര്യങ്ങളിൽ ഉണ്ടായിരിക്കണം.

അതു നിലനിൽക്കുന്ന സമ്പാദ്യം അത്രെ. ശരീരാഭ്യാസം ശരീരത്തിലിരിക്കുന്ന കാലത്തേക്കു മാത്രമേ ഗുണം ചെയ്യുകയുള്ളു. എന്നാൽ ആത്മീക അഭ്യാസനം ഈ ജീവിതകാലം മാത്രമല്ല നിത്യതയിലേക്കും ഏറിയ പ്രയോജനം ഉള്ളതത്രെ.

4:9 ഇതു വിശ്വാസയോഗ്യം. സത്യത്തെ വീണ്ടും ഉറപ്പിച്ച് പ്രസ്താവിക്കുന്നു.

4:10 ഈ സത്യത്തിനുവേണ്ടി വി. പൗലോസും തിമൊഥിയും നിരന്തരം അധ്വാനിക്കുന്നു, പോരാടുന്നു. ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം സത്യം ഉറപ്പിച്ചു കഴിഞ്ഞു. അതു സ്വയത്തിലല്ല, കെട്ടുകഥകളിലല്ല. തന്റെ ലക്ഷ്യം ജീവനുള്ള ദൈവത്തിൽ -സകലമനുഷ്യരുടെയും സകല വിശ്വാസികളുടെയും രക്ഷകനായ സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവത്തിൽ തന്നെ സുസ്തിരമായി ഉറപ്പിച്ചിരിക്കുന്നു.

4:11 തികച്ചും യുവാവായ തിമൊഥിയോട് സകല ഗൗരവത്തോടും കൂടെ ഈ സത്യവചനങ്ങളെ ആജ്ഞാപിക്കയും ഉപദേശിക്കയും ചെയ്യാനായി വി. പൗലൂസ് പ്രബോധിപ്പിക്കുന്നു. Be firm and courageous in the ministry.

4:12 യൗവനം തുച്ഛീകരിക്കരുത്. Let no one despise his youth. ചെറുപ്പക്കാരൻ ആണല്ലോ എന്നുവച്ച് ആരും തക്കതായ ഗൗരവം തിമൊഥിയുടെ പ്രവർത്തനങ്ങൾക്കു മനപൂർവ്വം നിഷേധിക്കുന്നുവെങ്കിൽ അതിനു സമ്മതിച്ചു കൊടുക്കണ്ട.

പക്വത കാണിക്കുക. (Demonstrate Maturity)

ഭക്തിയുള്ള ജീവിതം നയിക്കുക. (Live a Godly life)

സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും, വിശുദ്ധജീവിതത്തിന്റെയും മാതൃക ആയിരിക്കുക. God wantts every believer to be a “Role model” in purity, faith and love.

4:13 തിമൊഥി, താൻ നേതൃത്വം കൊടുക്കുന്ന സഭയിൽ പരസ്യശുശ്രൂഷയിലും ആരാധനയിലും ശ്രദ്ധിക്കുക. മൂന്നു കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണം.

1. വായന (Public Reading of scriptures in congregation)

ദൈവവചനത്തിന്റെ പരസ്യമായ വായന എക്കാലത്തെയും ആരാധനയുടെ ഭാഗമായിരുന്നു.

Ref. Exo 24:7, Deut 31:11, Joshua 8:35, 2Kings 23:2, Luke 4:16, Acts 15:21, Col 4:16, 1Thess 5:27

Exo 24:7 *അവൻ നിയമപുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കൽപിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കുമെന്നു അവർ പറഞ്ഞു.*

Deut 31:11 *നിന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അവൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തു വരുമ്പോൾ ഈ ന്യായപ്രമാണം എല്ലാ യിസ്രായേല്യരും കേൾക്കെ അവരുടെ മുമ്പാകെ വായിക്കേണം.*

Joshua 8:35 *മോശെ കല്പിച്ച സകലത്തിലും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ യിസ്രായേൽ സഭ മുഴുവനും അവരോടുകൂടെ വന്നിരുന്ന പരദേശികളും കേൾക്കെ യോശുവ മോശെ കല്പിച്ച സകലത്തിലും യാതൊന്നും വായിക്കാതെ വിട്ടുകളഞ്ഞില്ല.*

2Kings 23:2 *രാജാവും സകല യഹൂദാപുരുഷന്മാരും യെരുശലേമിലെ സകല നിവാസികളും പുരോഹിതന്മാരും പ്രവാചകന്മാരും ആബാലവൃദ്ധം ജനമൊക്കെയും യഹോവയുടെ ആലയത്തിലേക്കു ചെന്നു; യഹോവയുടെ ആലയത്തിൽവെച്ചു കണ്ടുകിട്ടിയ നിയമ പുസ്തകത്തിലെ വാക്യങ്ങളെയെല്ലാം അവർ കേൾക്കെ അവൻ വായിച്ചു.*

Luke 4:16 *അവൻ വളർന്ന നസറെത്തിൽ വന്നു. ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു.*

www.gospel.sajacobsreviews.com

fleettech@gmail.com

Acts 15:21 *മോശയുടെ ന്യായപ്രമാണം ശബ്ബത്തുതോറും പള്ളികളിൽ വായിച്ചു വരുന്നതിനാൽ പൂർവ്വകാലം മുതൽ പട്ടണംതോറും അതു പ്രസംഗിക്കുന്നവർ ഉണ്ടല്ലോ.*

Col 4:16 *നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്നശേഷം ലവുദിക്യസഭയിൽ കൂടെ വായിപ്പിക്കയും ലവുദിക്യയിൽ നിന്നുള്ളതു നിങ്ങളും വായിക്കയും ചെയ്‌വിൻ.*

1Thess 5:27 *കർത്താവാണ, സഹോദരന്മാരെ ഒക്കെയും ഈ ലേഖനം വായിച്ചു കേൾപ്പിക്കേണം.*

2. **പ്രബോധനം (PREACHING)**

ഒരു പരസ്യ ശുശ്രൂഷയിൽ, ആരാധനയിൽ, പ്രബോധനം വളരെ പ്രധാനപ്പെട്ട വിഷയം അത്രെ. ദൈവജനത്തിനുള്ള പരിശുദ്ധാത്മ പ്രേരിതമായ ദൂത് ഈ പ്രബോധനത്തിലൂടെ നൽകപ്പെടുന്നു. അതുപോലെതന്നെ വായിച്ച വേദഭാഗത്തുനിന്നും ഉള്ള ആലോചനകൾ വന്നു കൂടപ്പെട്ട ജനത്തിനു നൽകുവാനും ഈ പ്രബോധനം ആവശ്യം തന്നെ.

3. **ഉപദേശം (TEACHING).** ഉപദേശവും പ്രബോധനവും വിശാല അർത്ഥത്തിൽ ഒന്നു തന്നെ. എങ്കിലും ഉപദേശം കുറെക്കൂടി വിഷയങ്ങളെ ക്രമീകരിച്ചുള്ള ഒരു ക്രമീകൃതമായ പഠനം എന്നു വേണമെങ്കിൽ അനുമാനിക്കാം. ഉദാഹരണമായി "Bible Study" പല കൂട്ടായ്മകളിലും തുടർച്ചയായി നടത്തപ്പെടുന്നു. സംശയങ്ങൾ ദുരീകരിക്കുവാൻ, വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുവാൻ ഈ "ഉപദേശം" സഹായകരമത്രെ. ഇന്ന് അനേക സഭകളും നേരിടുന്ന പ്രതിസന്ധി, വചനത്തിലുള്ള പരിശീലനം അഥവാ ഉപദേശം വേണ്ടതുപോലെ ലഭിക്കാത്തതു തന്നെ.

നാം എന്തു "വിശ്വസിക്കുന്നു" എന്ന് ആർക്കും അറിയില്ല.

വിശ്വാസത്തിൻ സ്ഥിരതയില്ലാതെ, ഓരോരോ ഉപദേശങ്ങൾ കേൾക്കുമ്പോൾ കാറ്റിനാൽ ഉലയുന്ന ഓടപോലെ വിശ്വാസത്തിൽ പതറുന്നു.

നമ്മുടെ വിശ്വാസത്തിന്റെ കാതലായ അടിത്തറ ദൈവത്തിന്റെ വചനമത്രെ. അതു പഠിപ്പാൻ നമുക്കു മനസ്സുവയ്ക്കാം. അതിൽ നിത്യജീവനുണ്ട്. വിശ്വാസ സ്ഥിരതയുണ്ട്. ദിവ്യമായ സമാധാനം ഉണ്ട്. നമ്മുടെ പ്രത്യാശയെ വർദ്ധിപ്പിക്കാൻ വചനപഠനം സഹായിക്കും.

4:14 തിമൊഥിക്കു ദൈവം കൃപയാൽ ലഭിച്ച "അദ്ധ്യക്ഷ പദവി" അതിനു തക്കതായ പ്രാഗത്ഭ്യത്തോടെ, സഭയുടെ നടത്തിപ്പിലും തീരുമാനങ്ങളിലും പ്രകടമാക്കണം എന്നുള്ള വി. പൗലോസിന്റെ ഉപദേശം. ചെറുപ്പം കൊണ്ടാകാം തിമൊഥി തന്റെ പദവിക്കു ചേർന്ന ഗൗരവം പ്രകടിപ്പിക്കുന്നില്ലയോ എന്നു വി. പൗലോസിനു തോന്നിക്കാണും.

അതിനാൽ തിമൊഥിയെ ധൈര്യപ്പെടുത്തുന്ന ഒരു ഉപദേശമത്രെയിത്.

തിമൊഥിക്കു ലഭിച്ച ഈ പദവിയെപ്പറ്റി പൗലൂസ് പറയുന്നു.

അത് "പ്രവചനത്താൽ" ലഭിച്ചു. തിമൊഥിയെ ഈ സ്ഥാനത്തേക്ക് അഭിഷേകം ചെയ്യുമ്പോഴോ അതിനു മുമ്പോ പരിശുദ്ധാത്മാവിന്റെ പ്രവചനം ഉണ്ടായി. (ഈ പരിശുദ്ധാത്മാവിന്റെ പ്രവചനം ഈ ORDINATION ശുശ്രൂഷക്കു മുമ്പും ആകാം.) ആ പ്രവചനം അനുസരിച്ച് അന്നത്തെ സഭയിലെ മൂപ്പന്മാർ കൈവെച്ചു പ്രാർത്ഥിച്ച് തിമൊഥിയെ "ശുശ്രൂഷ" ഭരമേല്പിച്ചു. (Ref. 2Tim 1:3 വി. പൗലൂസ് തിമൊഥിയുടെ മേൽ കൈവെച്ചു പ്രാർത്ഥിച്ചു.)

Ref. Acts 6:6 (അപ്പൊസ്തലന്മാർ പ്രാർത്ഥിച്ച് കൈവച്ച് ശുശ്രൂഷകന്മാരെ നിയമിച്ചു)

Ref. Acts 13:3 (പരിശുദ്ധാത്മാവിന്റെ പ്രവചനം അനുസരിച്ച് ശൗലിനെയും ബർന്നബാസിനെയും സുവിശേഷവേലയ്ക്കായി ഉപവസിച്ച്, പ്രാർത്ഥിച്ച്, കൈവെച്ച് പറഞ്ഞയയ്ക്കുന്നു.)

Acts 6:6 *അവർ പ്രാർത്ഥിച്ചു അവരുടെമേൽ കൈവെച്ചു.*

Acts 13:3 *അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു.*

www.gospel.sajacobsreviews.com

fleettech@gmail.com

കൈവെച്ച് പ്രാർത്ഥിച്ച് ശുശ്രൂഷ ഏല്പിക്കുന്ന രീതി പഴയനിയമത്തിലും പുതിയനിയമത്തിലും നാം കാണുന്നു.

Ref. Num. 27:18-23, Deut. 34:9

4:15 തിമൊഥിക്കു ലഭിച്ച ഈ 'അഭിഷേകം', അഭിവൃത്തി, പദവി, ശുശ്രൂഷ എല്ലാവർക്കും പ്രസിദ്ധമാക്കുക. എല്ലാവരും അറിയട്ടെ. ഈ ലഭിച്ച ശുശ്രൂഷയെ ഉപേക്ഷയായി വിചാരിക്കരുത്. ശക്തിയോടെ മുമ്പോട്ടു പോകുക. ഈ ഉപദേശം ഒരിക്കലും വിട്ടുകളയരുത്.

4:16 നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക. വി. പൗലുസ് കൊടുക്കുന്ന ഉപദേശം: നിന്റെ വ്യക്തി ജീവിതത്തെ സൂക്ഷിക്ക. അതുപോലെ തന്നെ നിന്റെ സഭാശുശ്രൂഷയെയും. "വ്യക്തിജീവിതവും" "പരസ്യജീവിതവും തമ്മിൽ പൊരുത്തം ഉണ്ടായിരിക്കണം. രണ്ടും ദൈവത്തിനു പൂർണ്ണമായും കീഴ്പ്പെട്ടതായിരിക്കണം.

ഇന്നത്തെ ആത്മീകരംഗത്ത് കാണുന്ന പ്രധാന പ്രശ്നവും ഇതുതന്നെ. വ്യക്തിജീവിതവും പരസ്യജീവിതവും തമ്മിൽ പൊരുത്തമില്ല. വ്യക്തിജീവിതത്തിലുള്ള അപാകതകൾ സഭാശുശ്രൂഷകളെ ബാധിക്കുന്നു. അപവാദം പ്രചരിക്കുന്ന ദ്രവ്യാഗ്രഹവും വിശുദ്ധിയില്ലായ്മയും ഒരു ഭാഗത്ത്. പ്രസംഗവും ശുശ്രൂഷയും മറ്റൊരു ഭാഗത്ത് പൊരുത്തമില്ല.

വി: പൗലൂസ് തിമൊഥിയെ ഉപദേശിക്കുന്നു. നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക. അങ്ങനെ ചെയ്താൽ നീ നിന്നെ രക്ഷിക്കും. നിന്റെ പ്രസംഗം കേൾക്കുന്നവരെ രക്ഷിക്കും. രക്ഷിക്കുന്നത് ദൈവം തന്നെ. എന്നാൽ നീ അതിനൊരു മുഖാന്തിരമായിത്തീരും.

ഈ അദ്ധ്യായത്തിലെ എല്ലാ മുന്നറിയിപ്പുകളും ഒരു കാര്യം ഉറച്ചു പ്രഖ്യാപിക്കുന്നു. അധ്യക്ഷന്മാരും, ഉപദേഷ്ഠാക്കളും, ശുശ്രൂഷകന്മാരും എല്ലാം വലിയ ഉത്തരവാദിത്വം ഉള്ളവർ തന്നെ. ആ ഉത്തരവാദിത്വങ്ങളെ ശ്രദ്ധാപൂർവ്വം, വിശുദ്ധിയോടെ, വിനയത്തോടെ കൈകാര്യം ചെയ്യണം.

www.gospel.sajacobsreviews.com

fleettech@gmail.com